"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ശ്രീ. ലിൻസൺ വർഗീസ്, ലബോറട്ടറി അസിസ്റ്റന്റ്, ഗവ. ഫിഷറീസ് എച്ച്.എസ്.എസ്, പടന്നകടപ്പുറം - ശൂന്യവേതനാവധി അനുവദിച്ചു നൽകിയ ഉത്തരവ് ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.10288/2025/GEDN തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:- 1. സ.ഉ.(കൈ) നം. 41/2025/GEDN തീയതി 11.03.2025

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.08.2025 ലെ HSE/6116/2023-Ad D4 നമ്പർ കത്ത്

**ഉത്തരവ്**

പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി വിഭാഗം കാസർഗോഡ് ബേക്കൽ ഗവൺമെന്റ് ഫിഷറീസ് എച്ച്.എസ്.എസ് ലബോറട്ടറി അസിസ്റ്റന്റ് ആയ ശ്രീ. ലിൻസൺ വർഗീസിന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സോഷ്യൽ സയൻസിൽ B.Ed പഠനത്തിനായി 05/09/2023 മുതൽ 31/8/2025 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ, ഭാഗം I, ചട്ടം 91 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ബി.എഡ് കോഴ്സ് പൂർത്തിയാക്കി ശ്രീ.ലിൻസൺ വർഗ്ഗീസ് 29/07/2025-ൽ പടന്നകടപ്പുറത്ത് ഗവ. ഫിഷറീസ് എച്ച്.എസ്.എസ്-ൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായും ടിയാന് ബി.എഡ് പഠനത്തിനായി അനുവദിച്ച ശൂന്യവേതനാവധിയുടെ ഉപയോഗിക്കാത്ത കാലയളവായ 29-07-2025 മുതൽ 31-08-2025 വരെ റദ്ദു ചെയ്തു നൽകണമെന്ന് ആവശ്യപ്പെട്ടുള്ള ശ്രീ. ലിൻസൺ വർഗീസിന്റെ അപേക്ഷയും പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

3. ശ്രീ.ലിൻസൺ വർഗ്ഗീസിന്റെ അവധി അപേക്ഷയും അനുബന്ധ ഉത്തരവും പരിശോധിച്ചതിൽ ടിയാന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിക്കേണ്ടിയിരുന്നത് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരമായിരുന്നു. ആയതിനാൽ , കാസർഗോഡ് ബേക്കൽ ഗവൺമെന്റ് ഫിഷറീസ് എച്ച്.എസ്.എസ് ലെ ലബോറട്ടറി അസിസ്റ്റന്റ് ആയ ശ്രീ. ലിൻസൺ വർഗീസിന് 05/09/2023 മുതൽ 28/07/2025 വരെ, ടി കാലയളവ് ഇൻക്രിമെൻ്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ, ഭാഗം 1, ചട്ടം 88 പ്രകാരം

പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചും ഇപ്രകാരം പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
**(This issues in concurrence with Finance Department)**
ശ്രീ. ലിൻസൺ വർഗീസ്, ലബോറട്ടറി അസിസ്റ്റന്റ്, ഗവ. ഫിഷറീസ് എച്ച്.എസ്.എസ് പടന്നകടപ്പുറം, കാസർഗോഡ്
പ്രിൻസിപ്പാൾ, ഗവ. ഫിഷറീസ് എച്ച്.എസ്.എസ് പടന്നകടപ്പുറം, കാസർഗോഡ്
ധനകാര്യ വകുപ്പ് (E:2603562/EDN-B1/535/2023-FIN പ്രകാരം)
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് *(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)*
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Siju Vasudevan
Date: 16-12-2025 15:10:40
സെക്ഷൻ ഓഫീസർ